ചിയാങ്ങ്മായ് നഗരത്തിലൂടെ

വിഹരിക്കുക എന്ന വാക്കിന്റെ മൂലാർത്ഥം ഉല്ലാസപൂർവ്വം സ്വതന്ത്രമായി നടക്കുക എന്നാണ്. അന്തരീക്ഷത്തിലെ ശബ്ദകോലാഹലങ്ങളും പൊടിപടലങ്ങളും ഇല്ലാതെ പടർന്നു പന്തലിച്ച വൻമരങ്ങളുടെ ശീതളച്ഛായയിൽ ധ്യാനപൂർവ്വം ഇരിക്കുകയും സൗഹൃദകൂട്ടായ്മകൾ നെയ്യുകയും അസ്തിത്വത്തിന്റെ മഹാരഹസ്യങ്ങളെക്കുറിച്ച് മനനം ചെയ്യുകയും ചെയ്യുന്ന സ്ഥലമാണ് യഥാർത്ഥത്തിൽ വിഹാരം. നമ്മുടെ ഭാരതത്തിന്റെ പൈതൃകത്തിൽ ഉണ്ടായിരുന്ന ഈ വിഹാരബോധമാണ് ഇലഞ്ഞിയുടെയും മുല്ലയുടെയും അശോകത്തിന്റെയും ചെമ്പകത്തിന്റെയും നറുമണത്തിലൂടെ നമുക്ക് ലഭിക്കുന്നത്.

ഫാ. ഡോ. കെ.എം. ജോർജ്

മെയ്മാസത്തിലെ കടുത്ത ചൂടിലാണ് ഞങ്ങൾ തായ്‌ലന്റിലെ ചിയാങ്ങ്മായ് നഗരത്തിന്റെ ഉള്ളിലും പ്രാന്തപ്രദേശങ്ങളിലുമായി ചിതറിക്കിടക്കുന്ന ബൗദ്ധസങ്കേതങ്ങളിലേക്ക് പോയത്. പ്രസിദ്ധമായ വാട്ട് ചെങ്ങ്മാൻ ക്ഷേത്രത്തിലേക്കാണ് ആദ്യസന്ദർശനം. കവാടത്തിൽവച്ചു തന്നെ ഇലഞ്ഞിപ്പൂവിന്റെ ഹൃദയഹാരിയായ സുഗന്ധം നമുക്ക് സ്വാഗതമോതുന്നു. മലയാളിക്ക് ഗൃഹാതുരത്വം ഉണർത്തുന്ന ഒരു ഗന്ധമാണിത്. റബ്ബർ മരങ്ങൾ കൈയേറിയ നമ്മുടെ നാട്ടിൻ പുറങ്ങളിലും മലഞ്ചെരിവുകളിലും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പൂമരങ്ങളിൽ ഒന്നാണല്ലോ ഇലഞ്ഞി. അകത്തേക്ക് കയറിയപ്പോൾ ക്ഷേത്രത്തിന്റെ ചുറ്റുപാടും വലിയ വലിപ്പമില്ലാത്ത ഇലഞ്ഞി മരങ്ങളുടേയും മറ്റ് പൂമരങ്ങളുടെയും തണലും പരിമളവും. പെട്ടെന്ന് ഓർമ്മവന്നത് ബൗദ്ധപാരമ്പര്യത്തിലെ വിഹാരസങ്കൽപമാണ്. ബുദ്ധന്റെ കാലംതൊട്ട് സന്യാസിമാർ ഒരുമിച്ച് താമസിക്കുന്ന ഇടങ്ങൾക്ക് വിഹാരം എന്നാണ് പറഞ്ഞുവന്നത്. ഇപ്പോഴത്തെ നമ്മുടെ ബീഹാർ, വിഹാർ തന്നെ. അവിടെയാണല്ലോ ഗൗതമൻ ജ്ഞാനോദയം നേടി ബുദ്ധനായ ബോധഗയ. വിഹരിക്കുക എന്ന വാക്കിന്റെ മൂലാർത്ഥം ഉല്ലാസപൂർവ്വം സ്വതന്ത്രമായി നടക്കുക എന്നാണ്. അന്തരീക്ഷത്തിലെ ശബ്ദകോലാഹലങ്ങളും പൊടിപടലങ്ങളും ഇല്ലാതെ പടർന്നു പന്തലിച്ച വൻമരങ്ങളുടെ

ശീതളച്ഛായയിൽ ധ്യാനപൂർവ്വം ഇരിക്കുകയും സൗഹൃദകൂട്ടായ്മകൾ നെയ്യുകയും അസ്തിത്വത്തിന്റെ മഹാരഹസ്യങ്ങളെക്കുറിച്ച് മനനം ചെയ്യുകയും ചെയ്യുന്ന സ്ഥലമാണ് യഥാർത്ഥത്തിൽ വിഹാരം. നമ്മുടെ ഭാരതത്തിന്റെ പൈതൃകത്തിൽ ഉണ്ടായിരുന്ന ഈ വിഹാരബോധമാണ് ഇലഞ്ഞിയുടെയും മുല്ലയുടെയും അശോകത്തിന്റെയും ചെമ്പകത്തിന്റെയും നറുമണത്തിലൂടെ നമുക്ക് ലഭിക്കുന്നത്. "പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി, പൂക്കുന്നു തേന്മാവ്, പൂക്കുന്നശോകം" എന്ന ആശാൻ വരികളും മലയാളിയുടെ മനസ്സിലുണരും ഈ അന്തരീക്ഷത്തിൽ. ക്ഷേത്രത്തിനകത്തേക്ക് കയറിയാൽ ആരാധകരും ടൂറിസ്റ്റുകളും നിറയെ. എങ്കിലും അതിനിടയിൽ നിശബ്ദവും പ്രശാന്തവുമായ ബൗദ്ധഭാവം നമുക്ക് തിരിച്ചറിയാനാകും.

ബുദ്ധവിഗ്രഹങ്ങൾക്ക് മുൻപിൽ നിരന്തരം പരിമള ധൂപം ഉയർത്തുന്ന സാമ്പ്രാണിത്തിരികളോട് ചേർന്ന് അർപ്പിക്കപ്പെട്ട പഴങ്ങളും പൂക്കളും സന്ദർശകർക്ക് എടുത്താസ്വദിക്കുന്നതിനും വിരോധമില്ല. ആധുനികതയുടെ മേലാപ്പണിഞ്ഞ ഉപഭോഗസംസ്കാരം അതിന്റെ എല്ലാ ആഡംബരവശ്യതകളോടുംകൂടി തായ്നഗരങ്ങളിൽ മനുഷ്യരെ കൂടുതൽ കൂടുതൽ ഭൗതിക മോഹങ്ങളിലേക്കും ആസക്തികളിലേക്കും വലിച്ചിഴയ്ക്കുമ്പോഴും അവിടവിടെ നിർമമതയുടെ ശാന്തിയും കാരുണ്യത്തിന്റെ നനവുമുള്ള ബൗദ്ധാശ്രമങ്ങൾ നമ്മെ സന്തോഷിപ്പിക്കുന്നു.

സന്യാസിമാർ നടത്തുന്ന ഒരു യൂണിവേഴ്സിറ്റി അടുത്തുണ്ട്. ദാർശനിക- ശാസ്ത്രീയ വിഷയങ്ങളോടൊപ്പം സാധാരണ ജീവിതത്തിൽപെട്ട് ഉഴലുന്ന മനുഷ്യർക്ക് ഉപദേശവും കൈത്താങ്ങലും നൽകാൻ ആശ്രമത്തിനുചുറ്റും മരത്തണലുകളിൽ സന്യാസിമാരുടെ സംവിധാനങ്ങളുണ്ട്. വെള്ളക്കാരായ പല സന്ദർശകരും ബൗദ്ധപാരമ്പര്യത്തെക്കുറിച്ച് താത്പര്യപൂർവ്വം സന്യാസിമാരുമായി സംവദിക്കുന്നതും കാണാം.

സയാം എന്നറിയപ്പെട്ടിരുന്ന തായ്‌ലന്റ് തെക്കുകിഴക്കൻ ഏഷ്യയിലെ യൂറോപ്യൻ കൊളോണിയൽ ആധിപത്യത്തിന് വിധേയമാകാത്ത ഏകരാജ്യമാണ്. 1930 കൾ വരെ രാജഭരണത്തിൽ ഇരുന്ന തായ് ജനത ക്രമേണ ജനാധിപത്യ വ്യവസ്ഥയിലേക്ക് വന്നു. ഇംഗ്ലണ്ടിലെപ്പോലെ, ഭരണഘടനയ്ക്ക് വിധേയമായി രാജഭരണം എന്ന രീതിയാണ്. സയാം എന്ന പഴയ പേരു മാറ്റി 'സ്വതന്ത്രം' എന്നർത്ഥമുള്ള 'തായ്' എന്ന വാക്കാണ് 1949 മുതൽ അവർ ഉപയോഗിക്കുന്നത്. തായ്‌ലന്റ് എന്നാൽ സ്വതന്ത്രജനതയുടെ നാട് എന്നർത്ഥം. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനുമായും പിന്നീട് അമേരിക്കൻ അധികാരത്തോട് ചേർന്നുമൊക്കെ തായ്ജനതനിൽക്കുന്നതായി കാണാം. അയൽ രാജ്യങ്ങളായ കമ്പോഡിയ, ലാവോസ്, മലേഷ്യ, വിയറ്റ്നാം, മ്യാൻമർ എന്നീ പ്രദേശങ്ങളിലെ ജനങ്ങളുമായി പങ്കുവയ്ക്കുന്ന ഒരു സാംസ്കാരിക പൈതൃകവും തായ്കൾക്കുണ്ട്.

ഇന്ത്യയിൽ നിന്നും പ്രചരിച്ച ബുദ്ധമതത്തിന്റെ തേരവാദ (ഹീനയാന) പാരമ്പര്യമാണ് തായ്കൾക്കുള്ളത്. ശ്രീലങ്കയിലും, ബർമ്മ എന്നറിയപ്പെട്ടിരുന്ന മ്യാൻമറിലുമൊക്കെ ഇതുതന്നെ ബുദ്ധമത പാരമ്പര്യം. ഇത് രാജകീയമതം കൂടി ആയിരുന്നതുകൊണ്ട് എവിടെ നോക്കിയാലും ബുദ്ധക്ഷേത്രങ്ങളും ബൗദ്ധസന്യാസിമാരുടെ ആശ്രമങ്ങളുമാണ്. തായ്ജനതയിൽ 93% ബുദ്ധമതക്കാരാണ്. തലസ്ഥാനമായ ബാങ്കോക്കിൽ മുൻപ് പോയിട്ടുള്ളപ്പോഴൊക്കെ തായ്ജനത

യുടെ മര്യാദയും അതിഥിസൽക്കാരവും നേരിട്ടറിയാനിടയായിട്ടുണ്ട്. ഈ പ്രാവശ്യത്തെ യാത്ര തായ്‌ലന്റിലെ രണ്ടാമത്തെ നഗരമായ ചിയാങ്മയിയിലേക്കായിരുന്നു. ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യ എന്ന പേരിൽ ഏഷ്യയിലെ ക്രൈസ്തവസഭകളുടെ എക്യുമെനിക്കൽ സംഘടനയുടെ ആസ്ഥാനം ഇവിടെയാണ്. ഹോങ്കോങ്ങിൽ നിന്ന് തായ്‌ലന്റിലേക്കു മാറ്റിയ ഈ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ കടിഞ്ഞാൺ പിടിക്കുന്നത് ഒരു മലയാളിയാണ്- ഡോ. മാത്യൂസ് ജോർജ് ചുനക്കര. മുൻപ് ജനീവയിലെ ലോകസഭാ കൗൺസിലിൽ രാജ്യാന്തര വിഭാഗത്തിന്റെ ഡയറക്ടർ ആയിരുന്നു.

ഒരു ഭാവിഏഷ്യൻ സമ്മേളനത്തിന്റെ ചില രേഖകൾ തയ്യാറാക്കുന്ന ജോലിക്കാണ് ഞങ്ങൾ എത്തിയത്. തായ്‌ലന്റിന്റെ ബൗദ്ധപാരമ്പര്യത്തിൽ എനിക്കുള്ള താൽപര്യം പ്രകടിപ്പിച്ചപ്പോൾ ഡോ. മാത്യൂസ് സന്തോഷപൂർവ്വം അതിനുപറ്റിയ ഒരു വഴികാട്ടിയെയും കൂട്ടിവിട്ടു.

സയാമീസ് ഇരട്ടകൾ, സയാമീസ് പൂച്ച തുടങ്ങിയവ ലോകമെങ്ങും പരിചിതമായ പദങ്ങളാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ (1811) ശരീരങ്ങൾ ഒട്ടിച്ചേർന്ന് തായ്‌ലന്റിൽ ജനിച്ച ചാങ്, എങ് എന്ന രണ്ടുകുട്ടികളാണ് സയാമീസ് ഇരട്ടകൾ. അമേരിക്കയിലും ഇംഗ്ലണ്ടിലും അവർ പ്രദർശിപ്പിക്കപ്പെട്ടു. പ്രശസ്തമായ ഒരു സർക്കസ് കമ്പനിയിൽകൂടി അവരും പ്രശസ്തരായി. ഇന്നായിരുന്നെങ്കിൽ ശസ്ത്രക്രിയയിലൂടെ രണ്ടുശരീരങ്ങളും വേർപെടുത്താനാവുമായിരുന്നു. തായ്‌ലന്റിലെ ഒരു ചെറിയ പ്രദേശത്തിന്റെ പേരായതുകൊണ്ടാണ് സയാം (ഉപദ്വീപ്) എന്ന പേരുമാറ്റി തായ്ജനതയുടെ വൈവിധ്യം ഉൾക്കൊള്ളുന്നതിനുവേണ്ടി പുതിയ പേരിട്ടത്.

തേരവാദബുദ്ധപാരമ്പര്യം മഹായാനത്തേക്കാൾ യാഥാസ്ഥിതികമാണ്. ശ്രീബുദ്ധന്റെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ത്രിപിടകം എന്ന പാലിഗ്രന്ഥമാണ് പ്രധാന വേദം. തേരവാദം എന്ന വാക്കിനർത്ഥം പൂർവ്വികരുടെ പ്രബോധനം എന്നാണ്. ശ്രീലങ്ക, മ്യാൻമാർ (ബർമ്മ), തായ്‌ലന്റ്, കമ്പോഡിയ, ലാവോസ് തുടങ്ങിയ രാജ്യങ്ങളിലാണ് തേരവാദത്തിന് പ്രാധാന്യം.

ഇന്ത്യയുടെ അതിർത്തിയ്ക്കപ്പുറം തെക്കുകിഴക്കും വടക്കുകിഴക്കും ചൈനയും ജപ്പാനുംവരെയുള്ള വിശാലമായ ഏഷ്യൻരാജ്യങ്ങളിൽ ബുദ്ധമതത്തിന്റെ പ്രകടമായ സ്വാധീനം കാണാം. ഇവിടെ മിക്കരാജ്യങ്ങളിലെയും ഭക്ഷണരീതി നമ്മെ അൽപം അത്ഭുതപ്പെടുത്തും. പട്ടിയിലും പാമ്പിലും തുടങ്ങി പലതരം ജന്തുക്കളും പറവജാതികളും ഈയൽ, ചീവീട്, വണ്ട്, പലതരം പുഴുക്കൾ തുടങ്ങിയ പ്രാണികളും വെള്ളത്തിൽ സഞ്ചരിക്കുന്ന സകലമാന ജീവികളും ഇവർക്ക് ആഹാരമാണ്. ഇന്ത്യയിൽ ചില വിഭാഗങ്ങളിൽ കാണുന്നതുപോലെയുള്ള ശുദ്ധസസ്യഭക്ഷണം ഇവിടെയെങ്ങുമില്ല. വെജിറ്റേറിയൻ ഫ്രൈഡ് റൈസ് ഓർഡർ ചെയ്താൽ

അല്ലെങ്കിൽ വെജിറ്റബിൾ ന്യൂഡിൽസ് ചോദിച്ചാൽ ചെമ്മീൻ, ചിക്കൻ എന്നിവയുടെ തരിസ്പർശമില്ലാതെ ലഭിക്കുക പ്രയാസമാണ്.

പൊതുവെ ധാരണയുള്ളത് ബുദ്ധമതം കരുണയുടെയും അഹിംസയുടെയും മതമായതുകൊണ്ട്, അവർ സമ്പൂർണ്ണസസ്യാഹാരികളാണെന്നാണ്. എന്നാൽ ദലൈലാമ ഉൾപ്പെടെ ബൗദ്ധന്മാർ പൊതുവെ മാംസനിഷേധികളല്ല. സന്യാസി തനിക്കു ഭക്ഷിക്കാനായി ജീവികളെ കൊല്ലരുതെന്നും സന്യാസിക്കുനൽകാൻവേണ്ടി മാത്രം ആരും ജീവികളെ കൊല്ലരുതെന്നും നിയമമുണ്ട്. ബുദ്ധന്റെ കാലം മുതൽ ഭിക്ഷസ്വീകരിച്ചാണ് സന്യാസിമാർ ജീവിക്കേണ്ടത്. ഭിക്ഷതേടി വീടുകളിൽ ചെല്ലുമ്പോൾ വീട്ടുകാർ നൽകുന്നതെന്തോ, അതുകഴിക്കണമെന്നാണ് നിയമം. അത് മാംസമാകാം, സസ്യമാകാം. എന്നാൽ വ്യക്തിപരമായി മാംസം കഴിക്കാത്ത ചില

വാട്ട് ചെങ്ങ്മാൻ ക്ഷേത്രം

ബൗദ്ധസംഘങ്ങൾ ഉണ്ട്.

ചിയാങ്ങ്മയിക്കടുത്തുള്ള ഒരു വനത്തിൽ സന്ദർശകരെ ആകർഷിക്കുന്ന മനോഹരമായ ഒരു നീരൊഴുക്കുണ്ട്. മഴക്കാലത്ത് അത് ഗംഭീരമായ വെള്ളച്ചാട്ടമായി മാറും. അങ്ങോട്ടുള്ള വഴിയിൽ തട്ടുകടകളിൽ നിരത്തിയിരിക്കുന്ന ഭക്ഷണസാധനങ്ങൾ കണ്ടാൽ ആരുടെയും വായിൽ വെള്ളമൂറും. ഒരു കടയിൽ കയറി അൽപസ്വൽപം ഇംഗ്ലീഷ് പറയുന്ന കടക്കാരനോട് വിവരങ്ങൾ ചോദിച്ചറിഞ്ഞു.

കണ്ണാടിക്കൂടുകളിൽ നിരത്തിയിരിക്കുന്ന പൊരിച്ചവസ്തുക്കൾ ചൂണ്ടി അയാൾ എന്നോടു പറഞ്ഞു, "ഒന്നാംതരം പ്രോട്ടീൻ. കൊഴുപ്പ് ഒട്ടുമില്ല. എത്ര കഴിച്ചാലും വയറിന് സുഖം." പരസ്യവാചകം കേട്ട് ഞാൻ അല്പം കൊതിയോടെ നോക്കി. ഒരുതരം കറുത്ത വണ്ടുകൾ പൊരിഞ്ഞ് നിൽക്കുന്നു. ചിറകറ്റ ഈയലുകൾ അരിമണികൾ വറുത്തതുപോലെ ബ്രൗൺനിറത്തിൽ. ചീവീടുകൾ അപ്പാടെ പൊരിച്ചെടുത്തത്. ഇന്തോനേഷ്യയിലും മറ്റും വിദേശികളായ അതിഥികൾക്ക് ഭക്ഷണം കൊടുക്കുമ്പോൾ വിളമ്പുന്ന മാംസം ഏത് മൃഗത്തിന്റേതാണെന്ന് കൃത്യമായി വെളിപ്പെടുത്താറുണ്ട്. പട്ടിയെ തിന്നുന്ന നാടായതുകൊണ്ട് വിദേശികൾക്ക് പലർക്കും ഇറച്ചി തൊടാൻ പേടിയാണ്. നമ്മുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സ്ഥിതി മറ്റൊന്നല്ല. മനുഷ്യരുടെ ഭക്ഷണം ലോകത്തെവിടെ ആണെങ്കിലും പലമുൻവിധികളുടെയും സാംസ്കാരിക ധാരണകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ്. ഒരു സംസ്കാരത്തിൽ രുചികരമായി കാണുന്ന ഒരു ഭക്ഷണം മറ്റൊന്നിൽ തീർത്തും വർജ്യമാകാം. സംസ്കാരങ്ങൾ തമ്മിലുള്ള സൗഹൃദവേഴ്ചകളിൽ ഇവ തിരിച്ചറിയുന്നതും പരസ്പരം ആദരിക്കുന്നതും തീർച്ചയായും മനുഷ്യസംസ്കാരത്തെ പോഷിപ്പിക്കും. എനിക്കു കഴിക്കാൻ മടിയുള്ളത് മറ്റുള്ളവരും കഴിക്കരുതെന്ന് പറഞ്ഞാൽ പ്രശ്നമായി.

'ജീവോ ജീവസ്യ ജീവനം' എന്ന പഴമൊഴി ഓർക്കണം. ഓരോജീവനും മറ്റൊരു ജീവനെ ഉപയോഗിച്ചാണ് ജീവിക്കുന്നത്. കേരളത്തിന്റെ ഏതാണ്ട് ഇരട്ടി ജനസംഖ്യയാണ് തായ്‌ലന്റിലുള്ളത്. കുറേനാളുകൾക്കുമുൻപുവരെ അവിടെ തുടർന്നുവന്ന വനനശീകരണം വലിയ പരിസ്ഥിതി പ്രതിസന്ധിസൃഷ്ടിച്ചു തുടങ്ങിയപ്പോൾ മരങ്ങൾ വച്ചുപിടിപ്പിക്കാനും സംരക്ഷിക്കാനുമുള്ള പല പ്രസ്ഥാനങ്ങളുമുണ്ടായി. ലാഭമോഹികളായ ബിസിനസുകാരും വൻകോർപ്പറേറ്റുകളും മരം മുറിക്കൽ തുടർന്നപ്പോൾ ചില ബൗദ്ധസന്യാസ സംഘങ്ങൾ ചേർന്ന് ഒരു പദ്ധതി ഉണ്ടാക്കി. മരങ്ങൾക്ക് ദീക്ഷകൊടുക്കുക. സന്യാസിമാർക്ക് പട്ടം കൊടുക്കുന്നതുപോലെ വനങ്ങളിൽ ചെന്ന് വൻമരങ്ങളിൽ സന്യാസത്തിന്റെ അടയാളമായ മഞ്ഞമുണ്ടുകൾ കെട്ടിയിടുക. മരത്തിന്റെ ചുവട്ടിൽ ബുദ്ധപ്രതിമകൾ സ്ഥാപിച്ച് ആരാധനയും നടത്തുക. ഇത്, മരം വെട്ടാൻ വരുന്നവരെ തടയാനുള്ള ആധ്യാത്മിക ആയുധമായിരുന്നു. ഇന്ത്യയിൽ ഹിമാലയ സാനുക്കളിൽ സുന്ദർലാൽ ബഹുഗുണയുടെ നേതൃത്വത്തിൽ ആരംഭിച്ച ചിപ്‌കോപ്രസ്ഥാനം പലരും ഓർമ്മിക്കുന്നുണ്ടാകും. ഗ്രാമങ്ങളിലും വനങ്ങളിലും മരങ്ങൾ വെട്ടിക്കൊണ്ടുപോകുവാൻ സർക്കാർ ഉദ്യോഗസ്ഥൻമാരും കരാറുകാരും വന്നപ്പോൾ ഗ്രാമീണ സ്ത്രീകൾ കൈകോർത്തുപിടിച്ച് മരങ്ങളെ കെട്ടിപ്പിടിച്ച് ചുറ്റും നിന്നു. മരം വെട്ടാൻ ആയുന്ന കോടാലി തങ്ങളുടെ ശരീരം ആദ്യം മുറിക്കട്ടെ എന്നവർ പറഞ്ഞു. പരിസ്ഥിതിയെക്കുറിച്ച് വലിയബോധം ഇല്ലാതിരുന്ന കാലത്ത് ഇങ്ങനെയുള്ള നാടകീയ നടപടികൾ കുറെ ഏറെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നത് തീർച്ച.

ഏഷ്യൻ മതപാരമ്പര്യങ്ങളിൽ മരത്തോടും പ്രകൃതിയോടും ഗാഢമായ ബന്ധമുണ്ടെങ്കിലും ആധുനിക ബിസിനസ് സംസ്കാരത്തിന്റെ

ആർത്തിയും ലാഭക്കണ്ണുമാണ് ഏഷ്യയിലെ ജനതകളെയും ആവേശിച്ചിരിക്കുന്നത് എന്നത് ദുഃഖസത്യം.

നമ്മുടെ അയൽ രാജ്യമായ തായ്‌ലന്റിൽ പ്രവേശിക്കാൻ ഇന്ത്യക്കാർക്ക് മുൻകൂട്ടി വിസ ആവശ്യമില്ല. അവിടെ ചെന്നിറങ്ങുമ്പോൾ ഫീസ് കൊടുത്താൽ വിസ അടിച്ചുതരും. അതുകൊണ്ട് വളരെയേറെ ഇന്ത്യക്കാർ സന്ദർശകരായി അവിടെ എത്തുന്നുണ്ട്. അവരിൽ നല്ലൊരു ശതമാനവും അവിടെ ചെല്ലുന്നത്, തായ്പാരമ്പര്യത്തോടും ജനതയോടുമുള്ള വലിയ ബഹുമാനം കൊണ്ടൊന്നുമല്ല. ചില സ്വാർത്ഥതാത്പര്യങ്ങളും ചെറിയ മുതലെടുപ്പുകളും മുൻനിർത്തിയാണെന്നത് മറ്റൊരു ദുഃഖം.

ഏഷ്യയിൽ തായ്‌ലന്റ്, ഫിലിപ്പിൻസ് തുടങ്ങിയ രാജ്യങ്ങൾ സെക്സ് ടൂറിസത്തിന്റെ ഇരകളാണ്. പാശ്ചാത്യരും പൗരസ്ത്യരുമായ വിദേശികൾ ചൂഷണം ചെയ്യുന്ന സ്ത്രീകളും കുട്ടികളും അനവധിയാണ്. വിദേശപ്പണം ലഭിക്കുന്നതുകൊണ്ട് സർക്കാരുകളും സാമൂഹ്യ വ്യവസ്ഥ പൊതുവെയും അത്രശക്തിയായ പ്രതിരോധം ഇക്കാര്യത്തിൽ കാണിക്കുന്നില്ല. മനുഷ്യരുടെ ദാരിദ്ര്യവും സമൂഹത്തിലെ ഉച്ചനീചത്വങ്ങളും മുതലാക്കി തഴച്ചുവളരുന്ന ഈ വ്യവസായത്തിന് താങ്ങായി ട്രാവൽ ഏജൻസികളും വിമാനക്കമ്പനികളും ഹോട്ടൽ വ്യവസായികളും മസ്സാജ് പാർലറുകളും നിരവധി ഇടനിലക്കാരുമുണ്ട്. ഏഷ്യൻ രാജ്യങ്ങളിലെ പരമ്പരാഗത മൂല്യങ്ങളെയും കുടുംബവ്യവസ്ഥയെയും തകർത്ത് പുതിയൊരു അടിമത്ത സമ്പ്രദായമാണ് ഈ വ്യവസായം സൃഷ്ടിക്കുന്നത്. ലോകാരോഗ്യസംഘടനയും, ലോകസഭാ കൗൺസിൽ പോലെയുള്ള പ്രസ്ഥാനങ്ങളും ഇതേക്കുറിച്ച് പഠനങ്ങൾ നടത്തുകയും ദരിദ്രരായ സ്ത്രീകളുടെയും കുട്ടികളുടെയും മനുഷ്യാന്തസ്സിന്റെ മേൽ സമ്പന്നരായ മനുഷ്യൻ നടത്തുന്ന നീചമായ ഇത്തരം കൈയേറ്റങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

തായ്‌ലന്റ്, വിയറ്റ്നാം, കമ്പോഡിയ തുടങ്ങിയ ഇന്തോചൈന രാജ്യങ്ങളിൽ ക്ഷേത്രങ്ങളിൽ വരു

ന്നവർക്ക് വിൽക്കുവാനായി പലതരം പക്ഷികളെയും കൊണ്ട് നടക്കുന്നവരുണ്ട്. കുരുവികൾ, പ്രാവുകൾ തുടങ്ങിയ പക്ഷികളിൽ ഒന്നിനെവാങ്ങി വായുവിൽ പറത്തിവിടണം. കൂട്ടിൽ കിടക്കുന്ന പക്ഷിക്ക് ചിറകുവിടർത്തി പറന്നുപോകാൻ അവസരം ലഭിക്കുന്നത് നമ്മുടെ ആത്മാവിന്റെ മോക്ഷത്തിന്റെ പ്രതീകമാണ്. "പഞ്ചഭൂതങ്ങൾ തൻപഞ്ജരത്തിനുള്ളിൽ" കഴിയുന്ന തടവുകാരനാണ് നമ്മുടെ ആത്മാവെന്ന് ഭാരതീയ ഇതിഹാസസൂചന. കൂട്ടിൽ കിടക്കുന്ന പക്ഷിയെ സ്വതന്ത്രമാക്കി പറത്തിവിടുമ്പോൾ നമ്മുടെ ആത്മാവിന് മോക്ഷം ലഭിക്കുമത്രെ. എന്റെ അടുക്കൽ കിളിക്കൂടുമായി വന്ന വിൽപ്പനക്കാരി സ്ത്രീ 30 ബാത്ത് (ഏകദേശം 500 രൂപ) കൊടുത്ത് പക്ഷിയെ വാങ്ങാമോ എന്നു ചോദിച്ചുകൊണ്ടിരുന്നു. പക്ഷിയെ പിടിച്ച് പറത്തിവിടുന്നതിലുള്ള പഴയ കൗമാരവിനോദവും ആത്മാവിന്റെ മോക്ഷത്തെക്കുറിച്ചുള്ള വാർധക്യത്തിന്റെ പുതിയ താത്പര്യവും വിൽപനക്കാരിയുടെ ദൈന്യഭാവവും ചേർന്നുവന്നപ്പോൾ ഞാൻ പണം കൊടുത്ത് പക്ഷിയെ പിടിക്കാൻ കൈനീട്ടി. പക്ഷേ എന്റെ ഗൈഡായിവന്ന ടെങ്ങ്ചിങ്ങ് പെട്ടന്നതു തടഞ്ഞു. തായ്‌ലന്റ്കാരിയാണെങ്കിലും പ്രത്യേകമതവിശ്വാസമില്ലാത്ത അവർ പറഞ്ഞു, ഇതൊരു തട്ടിപ്പാണ്. നിങ്ങൾ പണം കൊടുത്തു പറത്തുന്ന പക്ഷി ആകാശത്തിലൊന്ന് വട്ടം ചുറ്റിയിട്ട് തിരിച്ച് കൂട്ടിലേക്കുതന്നെ വരും. കാരണം ഇണങ്ങിയ പക്ഷികളാണവ. അതിന്റെ കൂടെന്ന ജയിൽ ചിരപരിചിതമായതുകൊണ്ട് മറ്റൊരു സ്ഥലവും കണ്ടെത്താനാവാതെ അതു തിരിച്ചുവരും. ഒരു പക്ഷിയെക്കൊണ്ട് ഒത്തിരി ഏറെ ആത്മാക്കളെ അവർ മോക്ഷത്തിലേക്കയക്കും. ഉദാത്തമായ മതതത്ത്വങ്ങളെ ബിസിനസ്സാക്കാൻ എന്തെളുപ്പം. എല്ലായിടത്തും, എപ്പോഴും, എല്ലാ മതങ്ങളിലും ഇത് വാസ്തവം. പാവം വിൽപ്പനക്കാരി. അവർക്കിത് ഉപജീവനമാർഗ്ഗം മാത്രം. ഓരോ പക്ഷിക്കും കമ്മീഷൻ ചോദിക്കുന്ന വൻതോക്കുകൾ പുറകിൽ കാണാം.